**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1164** **14-03-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ നിയോജക മണ്ഡലത്തിലെ മേലെ ചൊവ്വ അണ്ടർ പാസ്സ്, തെക്കീ ബസാർ ഫ്ലൈ ഓവർ എന്നിവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ ; | (എ) | മേലെചൊവ്വ അണ്ടർപ്പാസ് സർക്കാർ ഉത്തരവ് നം. 1324/2016/PWD dated 27.06.2016 പ്രകാരം ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിച്ചിട്ടുള്ളതും പ്രസ്തുത പദ്ധതിക്ക് കിഫ്ബി 20.01.2018 ൽ 27.59 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് വരി ഗതാഗതത്തിന് ഉതകുന്ന വിധത്തിൽ ഇരുവശവും 5.50 മീറ്റർ വീതിയിൽ സർവ്വീസ് റോഡ് സഹിതമാണ് അണ്ടർപാസ് വിഭാവനം ചെയ്തിരിക്കുന്നത്. എൽ.എ. നടപടികൾ പൂർത്തീകരിച്ച് കണ്ണൂർ ജില്ലാ കളക്ടർ 20.12.2021 ന് പദ്ധതിക്ക് ആവശ്യമായ ഭൂമി ആർ.ബി.ഡി.സി.കെ. ക്ക് കൈമാറിയിട്ടുണ്ട് .പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കിയത് 2016 DSR പ്രകാരമാണ്. ആയതിനാൽ എസ്റ്റിമേറ്റ് 2018 DSR പ്രകാരം റിവൈസ് ചെയ്ത് കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണ്. എന്നാൽ യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് വേണ്ട യഥാർത്ഥ തുക KSEB, KWA, BSNL എന്നിവരിൽ നിന്ന് ലഭ്യമാക്കി സമർപ്പിക്കാൻ കിഫ്ബി ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ KSEB, KWA, BSNLഎന്നീ ഏജൻസികളോട് എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ 31.12.2021 ന് ആവശ്യപ്പെടുകയും തുടർന്ന് 04.01.2022, 21.01.2022, 18.01.2022 തീയതികളിൽ സംയുക്ത പരിശോധന നടത്തുകയും എസ്റ്റിമേറ്റ് ഉടനടി നൽകുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കിഫ്ബി റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയാൽ ഉടനടി ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. തെക്കി ബസാർ ഫ്ളൈഓവർ തെക്കി ബസാർ ഫ്ളൈഓവർ നിർമ്മാണത്തിന് 27.09.2016 ലെ സർക്കാർ ഉത്തരവ് (ആർ.ടി) നം. 1324/2016/ പി.ഡബ്ല്യൂ.ഡി. പ്രകാരം ഭരണാനുമതി നൽകുകയും 23.12.2017 ന് പ്രസ്തുത ഭരണാനുമതി പുതുക്കി |

| | | | |
|---|---|---|---|
| | | | നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് 06.09.2019 ൽ 130.87 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. 05.11.2019 ന് കണ്ണൂർ 1,2 വില്ലേജുകളിലെ വിവിധ സർവ്വെ നമ്പരുകളിൽപ്പെട്ട 82.79 ആർ ഭൂമി ഏറ്റെടുക്കുന്നതിന് കണ്ണൂർ ജില്ലാ കളക്ടർക്ക് അർത്ഥന നൽകുകയും സ്പെഷ്യൽ തഹസിൽദാർ (എൽ.എ) കിഫ്ബി കണ്ണൂരിനെ ഭൂമി ഏറ്റെടുക്കുന്ന ഓഫീസറായി ജില്ലാ കളക്ടർ കണ്ണൂർ നിയമിക്കുകയും 06.08.2020 ൽ അൻപത് ലക്ഷം രൂപ പ്രാഥമിക ചിലവുകൾക്കായി കണ്ണൂർ കളക്ടർക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 20/05/2021 ന് 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. അടിസ്ഥാന വില നിർണയ റിപ്പോർട്ട്, കെട്ടിട വില, വൃക്ഷ വില എന്നിവ തയ്യാറാക്കി നഷ്ടപരിഹാര തുക ആവശ്യപ്പെട്ട് ലാന്റ് അക്വിസിഷൻ ഓഫീസറിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുള്ളതും, ആയത് കിഫ്ബി പോർട്ടലിൽ അപ് ലോഡ് ചെയ്തിട്ടുള്ളതും, കിഫ്ബിയുടെ പരിശോധനയിലുമാണ്. ഫണ്ട് ലഭ്യമായാൽ 19(1) പ്രഖ്യാപനം നടത്തുന്നതും ജൂൺ മാസം ഭൂമി ഏറ്റെടുക്കുവാൻ സാധിക്കുന്നതുമാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ ഉൽഘാടനം എന്നത്തേയ്ക്ക നടത്താനാകുമെന്ന് വ്യക്തമാക്കുമോ ? | (ബി) | മേലെചൊവ്വ അണ്ടർപ്പാസ് പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് കിഫ്ബി അംഗീകാരം ലഭിച്ചാൽ ഉടൻ ടെണ്ടർ നടപടി സ്വീകരിച്ച് നിർമ്മാണോദ്ഘാടനം നടത്തുന്നതാണ്. ഫ്ളൈഓവർ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചാൽ ഉടൻ ടെണ്ടർ നടപടി സ്വീകരിച്ച് നിർമ്മാണോദ്ഘാടനം നടത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ